# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3891 24-06-2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കുടിവെള്ള പ്ലാന്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ.വി അബ്ദുൾഖാദർ** | | **മാത്യു.ടി.തോമസ്**<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ എത്ര കുടിവെള്ള പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 47 കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾക്ക് ഭൂജല അതോറിറ്റി അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുടിവെള്ള പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കുടിവെള്ള പ്ലാന്റുകൾ തുടങ്ങുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.<br>I).കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലത്തിൽ നിർമ്മാണത്തിനുവേണ്ടിയുള്ള അനുമതി.<br>ii).പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.<br>iii).ബോയിലേഴ്സ് & ഫാക്ടറീസിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്<br>iv).ഫയർ സേഫ്റ്റി ആക്ട് പ്രകാരമുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്<br>v).ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്<br>vi).ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെ സർട്ടിഫിക്കേഷൻ<br>vii).ഫയർ & സേഫ്റ്റി സ്റ്റാൻഡേർഡ്സ്, അതോറിറ്റി ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കേഷൻ<br>viii).സെയിൽടാക്സ് ഡിപ്പാർട്ട്മെന്റിന്റെ രജിസ്ട്രേഷൻ<br>ix).മിനറൽ വാട്ടർ പ്ലാന്റിന് എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ രജിസ്ട്രേഷൻ<br>x).ജലസ്രോതസ്സുകളിൽനിന്നും ജലം ഊടാക്കുന്നതിനുള്ള ജലവിഭവ വകുപ്പിന്റെ അനുമതി<br>കുടിവെള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ലഭ്യമാകുന്ന അപേക്ഷകൾ, പ്ലാന്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പ്രദേശത്തിന്റേയും ഭൂജല സ്രോതസ്സിന്റേയും ജലവിഭവത്തിന്റെ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും ടി അപേക്ഷകൾ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല ഇവാല്യവേഷൻ കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ജില്ലാതല ഇവാല്യവേഷൻ കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിയിൽ സമർപ്പിക്കുകയും ഭൂജല അതോറിറ്റി അനുയോജ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു. |
| (സി) | സഹകരണ സംഘങ്ങൾ വഴി സംസ്ഥാനത്ത് എവിടെയെങ്കിലും കുടിവെള്ള വിതരണമോ പ്ലാന്റോ പ്രവർത്തിക്കുന്നുണ്ടോ ; | (സി) | സംസ്ഥാനത്തെ ഒരു ജില്ലയിലും സഹകരണ സംഘങ്ങൾ വഴി കുടിവെള്ള പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്ക് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം ഇ 222 കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 'ഹില്ലി അക്വ' എന്ന കുപ്പിവെള്ള വിതരണ കമ്പനിയുടെ ഇടുക്കി ജില്ലയിലെ ഡിസ്ട്രിബ്യൂട്ടറായി പ്രവർത്തിച്ചുവരുന്നുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ചില സർവ്വീസ് സഹകരണ ബാങ്കുകൾ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പൊതുഫണ്ട് ഉപയോഗിച്ച് താൽക്കാലികമായി കുടിവെള്ള വിതരണം നടത്താറുണ്ട്. |
| (ഡി) | കുടിവെള്ള പ്ലാന്റുകൾ ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾ തയ്യാറായാൽ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | കുടിവെള്ള പ്ലാന്റുകൾ ആരംഭിക്കുന്നതിന് ഭൂജല ലഭ്യത സംബന്ധിച്ചുള്ള സാങ്കേതിക സഹായം ഭൂജല വകുപ്പ് നല്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**